DESPATCHED
On 6/2/23...

## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ AP. 581*(2)/2020*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **5076**/*എസ്.ഐ.സി-ജി 6/20)*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.മുരളീധരൻ പിള്ള,**
**നിലാവ്, അരംപുന്ന,**
**ഇളമ്പൽ പി.ഒ., പുനലൂർ,**
**കൊല്ലം, പിൻ – 691 322.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
   **ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്,**
   **ക്രൈം ബ്രാഞ്ച്, കൊല്ലം&പത്തനംതിട്ട,**
   **ആശ്രാമം പി.ഒ., കൊല്ലം – 691 002.**

2. **അപ്പീൽ അധികാരി&**
   **പോലീസ് സൂപ്രണ്ട്,**
   **ക്രൈം ബ്രാഞ്ച്, കൊല്ലം&പത്തനംതിട്ട,**
   **ആശ്രാമം പി.ഒ., കൊല്ലം – 691 002.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 12.02.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 02.03.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 17.03.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 20.03.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 14.05.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 14.05.2020 |
| ഹിയറിംഗ് നടന്ന തീയതി | 16.12.2022, വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ആവശ്യപ്പെട്ട വിവരം/രേഖകൾ ലഭ്യമാക്കി യില്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 12.02.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ടിയാന്റെ പരാതിയിന്മേൽ ബഹു.നിയമസഭ പെറ്റീഷൻ സമിതിയുടെ സ്റ്റേറ്റ് ക്രൈം ബ്രാഞ്ച് തുടർ അന്വേഷണം നടത്തണമെന്നുള്ള ഓർഡർ പ്രകാരം ടി ഓഫീസിൽ അന്വേ ഷണം നടത്തി പുനലൂർ JFMC IIIൽ അന്തിമ റിപ്പോർട്ടും സമർപ്പിച്ച പുന ലൂർ PS ക്രൈം 17/12, 33/12 എന്നീ കേസുകളുടെ ചില വിവരങ്ങളാണ് ആയതിൽ,

1) ടി കേസിൽ കൊല്ലം ക്രൈം ബ്രാഞ്ച് കോടതിക്ക് നൽകിയ അന്തിമ റിപ്പോർട്ടിന്റെ പകർപ്പ് അറ്റസ്റ്റ് ചെയ്ത് നൽകണമെന്നും,

2) ടി കേസിൽ കൊല്ലം ക്രൈം ബ്രാഞ്ച് എടുത്തിട്ടുള്ള മുഴുവൻ ആളു കളുടെയും മൊഴിയുടെ പകർപ്പ് പേജ് നമ്പറിട്ട് എല്ലാ പേജും അറ്റസ്റ്റ് ചെയ്ത് നൽകണമെന്നും

3) ടി കേസ്സിൽ പത്തനംതിട്ട ക്രൈം ബ്രാഞ്ച്/CBCID നടത്തിയ അന്വേഷണത്തിൽ എടുത്തിട്ടുള്ള മുഴുവൻ ആളുകളുടെയും മൊഴിയുടെ പകർപ്പ് പേജ് നമ്പർ ഇട്ട് എല്ലാ പേജും അറ്റസ്റ്റ് ചെയ്ത് നൽകണമെന്നും തുടങ്ങി 16 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.ആയതിന് 02.03.2020ന് മറുപടി നൽകിയതായി കാണുന്നു.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീ ലിന് 20.03.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജി ക്കാരന്റെ അപ്പീൽ അപേക്ഷ പരിശോധിച്ചതിൽ, പുനലൂർ പോലീസ് ക്രൈം നം 17/12, 33/12 എന്നീ കേസുകൾ സംബന്ധിച്ച് ടിയാൻ നൽകിയ വിവരാവ

കാശ അപേക്ഷയിലെ ക്രമനമ്പർ 1, 2, 6, 8 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടിയിൽ പോരായ്മകൾ ഒന്നും കാണുന്നില്ലെന്നും മേൽ നമ്പർ കേസുകൾ അന്വേഷണം നടത്തി പുനലൂർ ബഹു. JFMC IIIൽ 12.02.2020 തീയതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും 14.02.2020ന് ടി കേസിന്റെ മൊഴി പകർപ്പുകൾ സമർപ്പിച്ചിട്ടുള്ളതും ആയത് ബഹു.കോടതി സ്വീകരിച്ചിട്ടുള്ളതുമാണെന്നാണ്. ആയതിനാൽ വിവരം/രേഖകൾ വിവരാവകാശ നിയമത്തിലെ വകുപ്പ് 8(i)(g),(h)&(j) പ്രകാരം നൽകാൻ നിർവ്വാഹമില്ലെന്നാണ്.

അപേക്ഷയിലെ ക്രമനമ്പർ 7ലെ ചോദ്യത്തിനുള്ള മറുപടിയിൽ പോരായ്മകൾ ഒന്നും കാണുന്നില്ലെന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട സി.ഡി ഫയലിന്റെ മുഴുവൻ വിവരം/രേഖകളും വിവരാവകാശ നിയമത്തിലെ വകുപ്പ് 8(i)(g),(h)&(j) പ്രകാരം നൽകാൻ നിർവ്വാഹമില്ലെന്നാണ്. കൂടാതെ അപേക്ഷയിലെ ക്രമനമ്പർ 9ലെ ചോദ്യത്തിനുള്ള മറുപടിയിൽ എഫ്.ഐ.ആറിൽ പ്രതിപ്പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതൊക്കെ പ്രതികളെ കണ്ട് ചോദിച്ചിട്ടുള്ളതാണെന്നതിൽ 2 പേരെ കണ്ട് ചോദിച്ചു ആയതിൽ (1) ഓമന, (2) അജിതാ ശശിധരൻ എന്നിവരെ കണ്ട് ചോദിച്ചുവെന്നും അതുകൊണ്ട് ടി അപ്പീൽ അപേക്ഷ തീർപ്പു കൽപ്പിച്ചിരിക്കുന്നുവെന്നാണ്.

4. രണ്ടാം എതിർകക്ഷി 02.07.2020 ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ 12.02.2020 തീയതിയായി സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ 13.02.2020 തീയതിയിൽ ടി ഓഫീസിൽ ലഭിച്ചിട്ടുള്ളതാണെന്നും ടി അപേക്ഷയിലെ ക്രമനമ്പർ 1,2,6,8 പ്രകാരം ആവശ്യപ്പെട്ട വിവരം/രേഖകൾ ബഹു.പുനലൂർ JFMC III കോടതിയിൽ സമർപ്പിച്ചിട്ടുള്ളതിനാൽ ആയതു ആവശ്യമാണെങ്കിൽ പുനലൂരിലെ പ്രസ്തുത കോടതിയിൽ അപേക്ഷ സമർപ്പിച്ചു വാങ്ങാവുന്നതാണെന്നും ക്രമ നമ്പർ 3, 4, 5, 9, 10, 11, 12, 13, 14, 15, 16 പ്രകാരമുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകിയിട്ടുള്ളതും ക്രമനമ്പർ 7 പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമത്തിലെ വകുപ്പ് 8(i)( j) & (h) പ്രകാരം നൽകുവാൻ നിർവ്വാഹമില്ലെന്നും 02.03.2020ലെ കത്തുപ്രകാരം

ഹർജിക്കാരനെ അറിയിച്ചുകൊണ്ടും അപേക്ഷ തീർപ്പാക്കിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിലെ 1, 2, 6, 7, 8 എന്നീ പിരിവുകളിൽ ആവശ്യപ്പെട്ട രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ടിയാന് ലഭ്യമാക്കിയില്ലെന്നാണ് കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, ക്രൈം ബ്രാഞ്ച്, കൊല്ലം 05.12.2022ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 30–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/